**SREENARAYANAGURU OPEN UNIVERSITY**

*The State University for Education, Training and Research in Blended Format, Kerala*

University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

**നം .EX1/A/17/QD/SOU/2022** **തിയതി : 11/01/2024**

# നിരന്തര മൂല്യനിർണ്ണയം
# പഠിതാക്കൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**സർവ്വകലാശാല ഉത്തരവ് നമ്പർ 1477/EX1/A/17/QD/SOU/2022 തീയതി 21/12/2023 പ്രകാരം പരിഷ്കരിച്ച നിരന്തര മൂല്യ നിർണ്ണയം സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങൾ ചുവടെ നൽകുന്നു.**

1. ഓരോ സെമസ്റ്ററിലും ഒരു കോഴ്സിനായി പഠിതാക്കൾ രണ്ട് (2) അസൈൻമെന്റുകൾ വീതം സമർപ്പിക്കണം.

2. രണ്ട് സെറ്റ് അസൈൻമെന്റുകൾക്കും വ്യത്യസ്ത അസൈൻമെന്റ് ചോദ്യപേപ്പറുകൾ ഉണ്ടായിരിക്കുന്നതാണ്.

3. ഓരോ സെറ്റ് അസൈൻമെന്റ് ചോദ്യപേപ്പറുകളിലും 5 ചോദ്യങ്ങൾ വീതം ഉണ്ടാകും. പഠിതാക്കൾക്ക് ഓരോ സെറ്റിൽ നിന്നും ഏതെങ്കിലും ഒരു ചോദ്യം തിരഞ്ഞെടുത്ത് ഉത്തരം എഴുതാവുന്നതാണ്.

4. സർവ്വകലാശാലയുടെ നിരന്തരമൂല്യനിർണ്ണയം സംബന്ധിച്ച നിർദ്ദേശങ്ങൾക്കനുസരിച്ചും, അസൈൻമെന്റ് ചോദ്യ പേപ്പറുകളിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചും അസൈൻമെന്റുകൾ തയ്യാറാക്കേണ്ടതാണ്.

5. അസൈൻമെന്റുകൾ കൈകൊണ്ട് വ്യക്തമായി എഴുതിയും അസൈൻമെന്റ് സബ്മിഷൻ ഫോറം പൂരിപ്പിച്ച് ആമുഖ പേജായി ഉൾപ്പെടുത്തിയും സമർപ്പിക്കേണ്ടതാണ്. (അസൈൻമെന്റിന്റെ ഫോട്ടോ കോപ്പി, ടൈപ്പ് ചെയ്ത പ്രിന്റുകൾ, സ്കാൻഡ് കോപ്പി എന്നിവ സ്വീകാര്യമല്ല )

6. ഓരോ സെറ്റ് അസൈൻമെന്റുകളും ചുവടെ പറയുന്ന പ്രകാരമാണ് മൂല്യനിർണ്ണയം നടത്തുക.

**സെറ്റ് – I (വിവരണാത്മകം )**

(അസൈൻമെന്റിന് ആകെ അനുവദിച്ചിട്ടുള്ളത് 15 മാർക്കാണ്).

| | | | |
|---|---|---|---|
| 1. | ആമുഖം | – | 2 മാർക്ക് |
| 2 | വിശദീകരണം | – | 6 മാർക്ക് |
| 3. | മൊത്തത്തിലുള്ള വ്യക്തത, ശൈലി, ഘടന | – | 3 മാർക്ക് |
| 4. | വ്യക്തമായ നിഗമനം | – | 2 മാർക്ക് |
| 5. | ഗ്രന്ഥസൂചിക/റഫറൻസുകൾ | – | 2 മാർക്ക് |

**സെറ്റ് – II (വിശകലനം)**

(അസൈൻമെന്റിന് ആകെ അനുവദിച്ചിട്ടുള്ളത് 15 മാർക്കാണ്).

| | | | |
|---|---|---|---|
| 1. | ആമുഖം | – | 2 മാർക്ക് |
| 2. | വിമർശനാത്മക അന്വേഷണം, ആശയങ്ങൾ രൂപപ്പെടുത്തൽ/വിശകലനം/ചിത്രീകരണങ്ങൾ | – | 6 മാർക്ക് |
| 3. | മൊത്തത്തിലുള്ള വ്യക്തത, ശൈലി, ഘടന | – | 3 മാർക്ക് |
| 4. | വ്യക്തമായ നിഗമനം | – | 2 മാർക്ക് |
| 5 | ഗ്രന്ഥസൂചിക/റഫറൻസുകൾ | – | 2 മാർക്ക് |

7. യൂണിവേഴ്സിറ്റിയുടെ നിർദ്ദേശ പ്രകാരം അസൈൻമെന്റ് ഓൺലൈൻ ആയോ ഓഫ് ലൈനായോ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ മോഡ് വഴിയാണ് അസൈൻമെന്റ് സമർപ്പിക്കുന്നതെങ്കിൽ അസൈൻമെന്റ് പി ഡി എഫ് ഫോർമാറ്റിലോ, വേഡ് ഫോർമാറ്റിലോ, സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്. ഓഫ് ലൈൻ മോഡ് വഴിയാണ് സമർപ്പിക്കുന്നതെങ്കിൽ അസൈൻമെന്റ് സമർപ്പണ ഫോമിനോടൊപ്പം ലേണർ സപ്പോർട്ട് കോർഡിനേറ്ററെ ഏൽപ്പിക്കാവുന്നതാണ്.

8. യൂണിവേഴ്സിറ്റി അറിയിക്കുന്ന അവസാന തീയതിക്കകം അസൈൻമെന്റുകൾ സമർപ്പിക്കേണ്ടതാണ്.

9. അവസാന തീയതിക്കകം, അസൈൻമെന്റ് സമർപ്പിക്കാൻ കഴിയാത്ത പഠിതാക്കൾക്ക് എൻഡ് സെമസ്റ്റർ പരീക്ഷയുടെ നോട്ടിഫിക്കേഷൻ തീയതിക്കകം കോഴ്സ് ഒന്നിന് 100/- (നൂറ് രൂപ) ഫൈനോടെ അസൈൻമെന്റ് സമർപ്പിക്കാവുന്നതാണ്.

10. മുകളിൽ പറഞ്ഞിരിക്കുന്ന തീയതികളിലും സമർപ്പിക്കാൻ സാധിക്കാത്ത പഠിതാക്കൾക്ക്, പ്രോഗ്രാം കാലയളവിനുള്ളിൽ കോഴ്സ് ഒന്നിന് 250/- (ഇരുനൂറ്റി അൻപത് രൂപ) ഫൈനോടെ അസൈൻമെന്റ് സമർപ്പിക്കാവുന്നതാണ്.

11. പ്രോഗ്രാം വിജയിക്കുന്നതിന് ഓരോ കോഴ്സിനും ഓരോ സെമസ്റ്ററിലും രണ്ട് അസൈൻമെന്റുകൾ വീതം സമർപ്പിക്കേണ്ടത് നിർബന്ധമാണ്.

12. രണ്ട് സെറ്റ് അസൈൻമെന്റുകളും സമർപ്പിക്കാത്ത പഠിതാക്കളുടെ എൻഡ് സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതല്ല.

13. പഠിതാവ് ഒരു അസൈൻമെന്റ് സമർപ്പിക്കുകയും അതിനു മാർക്ക് നൽകുകയും ചെയ്താൽ, മാർക്ക് മെച്ചപ്പെടുത്തുന്നതിനോ മറ്റ് കാരണങ്ങളാലോ പകരം മറ്റൊരു അസൈൻമെന്റ് സമർപ്പിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

14. അസൈൻമെന്റുകൾക്ക് പുനർ മൂല്യനിർണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

15. സർവ്വകലാശാല അറിയിക്കുന്ന തീയതികളിൽ അസൈൻമെന്റുകളുടെ മാർക്കുകൾ ലേണർ സപ്പോർട്ട് സെന്ററുകളിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ ഇത് സംബന്ധിച്ച് പഠിതാക്കളുടെ പരാതികൾ അതാത് അക്കാഡമിക് കൗൺസിലറുമാരോട് ബോധിപ്പിക്കേണ്ടതും എൽഎസ് സി കോർഡിനേറ്റർ മുമ്പാകെ ഇതിനായി നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ പരാതി എഴുതി സമർപ്പിക്കേണ്ടതുമാണ്. അവസാനഘട്ടം എന്ന നിലയിൽ, എൽ എസ് സി കോർഡിനേറ്റർക്ക് നൽകിയ പരാതിയിൻ മേലുള്ള തീരുമാനം തൃപ്തികരമല്ലെങ്കിൽ പഠിതാക്കൾക്ക് നേരിട്ട് സർവ്വകലാശാല പരീക്ഷാ കൺട്രോളർക്ക് പരാതി സമർപ്പിക്കാവുന്നതാണ്. എന്നാൽ എൽ എസ് സി കോർഡിനേറ്റർ മുമ്പാകെ സമർപ്പിക്കപ്പെടാത്ത പരാതികൾ സർവ്വകലാശാലതലത്തിൽ പരിഗണിക്കപ്പെടുന്നതല്ല.

**ഡോ. ഗ്രേഷ്യസ്. ജെ**

**പരീക്ഷാ കൺട്രോളർ**